# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് മുപ്പത്തിമൂന്ന്

## ജീവിക്കുന്നവനും രക്ഷിക്കുവാൻ പ്രാപ്തനുമായ ദിവ്യ മഹാപുരോഹിതൻ

### I. ദിവ്യനായ മഹാപുരോഹിതൻ

Sat ക്രിസ്തുവിന്റെ പൗരോഹിത്യത്തെ സംബന്ധിച്ച ഒരു അധ്യായമായ എബ്രായർ 7 ക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ രണ്ടു വശങ്ങൾ വെളിപ്പെടുത്തുന്നു. ഒന്നാമത്തെ വശം രാജകീയ പൗരോഹിത്യവും, രണ്ടാമത്തെ വശം ദിവ്യ പൗരോഹിത്യവുമാണ്. കഴിഞ്ഞ ദൂതിൽ നാം കണ്ടതുപോലെ, ക്രിസ്തു ഒരു രാജകീയ പുരോഹിതനാണ്. അവന്റെ പദവി രാജകീയവും രാജോചിതവുമാണ്. അവൻ ഒരു മഹാപുരോഹിതനാണെങ്കിലും, അവൻ പുരോഹിതന്മാരുടെ ഗോത്രത്തിൽ നിന്നല്ല, യെഹൂദാ എന്ന രാജാക്കന്മാരുടെ ഗോത്രത്തിൽ നിന്നാണു വന്നത്. രാജത്വം അവന്റെ പദവിയാണ്, അത് അവനെ ഒരു രാജകീയ പുരോഹിതനാക്കുന്നു.

രാജത്വം ഒരുതരം ഭരണവും അധികാരവുമായതുകൊണ്ട്, രാജത്വം നീതിയോടും സമാധാനത്തോടും ബന്ധപ്പെട്ടിരിക്കുന്നു. നീതിയും സമാധാനവും നിലനിർത്തേണ്ടതിന് നമുക്ക് അധികാരം ആവശ്യമാണ്. ക്രിസ്തു പ്രക്രിയാവിധേയനായ ദൈവത്തെ നമ്മുടെ അപ്പവും വീഞ്ഞുമായി നമുക്ക് ശുശ്രൂഷിക്കണമെങ്കിൽ, നീതിയും സമാധാനവും നിറഞ്ഞ ഒരു അന്തരീക്ഷം ഉണ്ടായിരിക്കണം. നാം കർത്താവിന്റെ മേശയിലേക്ക് വരുമ്പോഴെല്ലാം, നാം നീതിയുടെയും സമാധാനത്തിന്റെയും അവസ്ഥയിലാണെന്ന ആഴത്തിലുള്ള ബോധം നമുക്കുണ്ടായിരിക്കണം. മറിച്ച്, നാം നിരന്തരമായി അന്യോന്യം പോരടിക്കുകയാണെന്നു സങ്കല്പിക്കുക. അങ്ങനെയുള്ള സാഹചര്യത്തിൽ, നീതിയും സമാധാനവും ഇല്ലാതിരിക്കുകയും, നമുക്ക് അപ്പവും വീഞ്ഞും ശുശ്രൂഷിക്കുന്നത് ഇല്ലാതിരിക്കുകയും ചെയ്യും. നമ്മുടെ ആസ്വാദനത്തിനുവേണ്ടി പ്രക്രിയാവിധേയനായ ദൈവത്തെ നമുക്കു ശുശ്രൂഷിക്കണമെങ്കിൽ, നമുക്കും ദൈവത്തിനുമിടയിലും നമുക്ക് അന്യോന്യവും

സകലതും ശരിയായിരിക്കണം. എല്ലാം ശരിയായിരിക്കുമ്പോൾ, സമാധാനം ഉണ്ടായിരിക്കുകയും, സമാധാനത്തിൽ ക്രിസ്തു പ്രക്രിയാവിധേയനായ ദൈവത്തെ നമുക്കു ശുശ്രൂഷിക്കുകയും ചെയ്യും. അവന്റെ രാജത്വത്തിൽനിന്ന് നീതിയും സമാധാനവും വരുന്നു, കാരണം രാജാവ് ഇവിടെയുള്ളപ്പോൾ ആരും പോരാടുകയില്ല. എല്ലാം സമാധാനപരമായിരിക്കും. ക്രിസ്തുവിന്റെ രാജത്വം നീതിയുടെയും സമാധാനത്തിന്റെയും ക്രമം പാലിക്കുന്നു. അവന്റെ രാജകീയ പദവി നീതിയും സമാധാനവുമുള്ള ഒരു ക്രമം കാത്തുസൂക്ഷിക്കുന്നതിനു വേണ്ടിയാണ്.

എബ്രായർ 7-ലെ ക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ രണ്ടാമത്തെ വശം ദിവ്യ പൗരോഹിത്യമാണ്. ക്രിസ്തു രാജകീയ നായിരിക്കുന്നത് പദവിയുടെ ഒരു കാര്യമാണ്, എന്നാൽ അവൻ ദിവ്യനായിരിക്കുന്നത് ഘടകാംശത്തിന്റെ കാര്യം, അങ്ങനെയുള്ള ഒരു മഹാപുരോഹിതനായിരിക്കുവാൻ അവനെ സംരചിക്കുന്ന അനിവാര്യമായ അടിസ്ഥാന മൂലകം ഉണ്ടായിരിക്കുന്നതിന്റെ ഒരു കാര്യമാണ്. ക്രിസ്തു ദിവ്യനായിരിക്കുന്നത് അവന്റെ സ്വഭാവത്തെ പരാമർശിക്കുന്നു. ക്രിസ്തു രാജകീയനായിരിക്കുന്നത് അവന്റെ രാജോചിതമായ പദവിയനുസരിച്ചും, ദിവ്യനായിരി ക്കുന്നത് അവന്റെ ദിവ്യ പ്രകൃതമനുസരിച്ചും ആണ്. അവൻ രാജാവായതുകൊണ്ട് അവൻ രാജകീയനും, അവൻ ദൈവപുത്ര നായതുകൊണ്ട് ദിവ്യനും ആണ്. ദൈവപുത്രനായ ക്രിസ്തുവിന് രാജത്വം മാത്രമല്ല, ദിവ്യത്വവുമുണ്ട്. നമ്മുടെ ആസ്വാദനത്തിനു വേണ്ടി പ്രക്രിയാവിധേയനായ ദൈവത്തെ നമുക്കു ശുശ്രൂഷിക്ക ത്തക്കവണ്ണം അവന്റെ രാജത്വം നീതിയും സമാധാനവും നിറഞ്ഞ ഒരു അവസ്ഥ നിലനിർത്തുമ്പോൾ, അവൻ ശാശ്വതമായി അവന്റെ പൗരോഹിത്യം തുടരുവാൻ പ്രാപ്തനായിരിക്കേണ്ടതിന് അവന്റെ ദിവ്യത്വം ജീവനുള്ളവനും ജീവനാൽ നിറഞ്ഞവനുമായ ഒരു മഹാപുരോഹതനായി അവനെ സംരചിക്കുന്നു.

ദിവ്യത്വം ക്രിസ്തുവിന്റെ പ്രകൃതവും ജീവനുമാണ്. ദിവ്യത്വം കൊണ്ടുനിറഞ്ഞ അങ്ങനെയുള്ള ഒരു വ്യക്തിയെന്ന നിലയിൽ അവൻ ജീവനുള്ളവനാണ്. രാജകീയ മഹാപുരോഹിതനെന്ന നിലയിൽ ക്രിസ്തുവിന്റെ പക്കൽ അനീതിയോ സ്പർദ്ധയോ ഇല്ല, നീതിയും സമാധാനവുമാണുള്ളത്. ദിവ്യ മഹാപുരോഹിതനെന്ന നിലയിൽ ക്രിസ്തുവിന്റെ പക്കൽ മരണമില്ല. അവൻ മരണത്തെ പിടിച്ചടക്കുകയും കീഴ്പ്പെടുത്തുകയും വിഴുങ്ങുകയും ചെയ്തിരിക്കുന്നു. നമ്മുടെ ദിവ്യ മഹാപുരോഹിതന്റെ പക്കൽ എന്തുകൊണ്ടാണ് മരണമില്ലാത്തത്? കാരണം അവൻ ജീവനാണ്. ക്രിസ്തു ദിവ്യനാണ്. ദിവ്യത്വം അവന്റെ സാരാംശവും, പ്രകൃതവും, മൂലകവും, ഘടനയും ആണ്. അവന്റെ രാജകീയ പദവി എല്ലാ പ്രശ്നങ്ങളെയും പരിഹരിക്കുകയും സമാധാനപരമായ ഒരു

അന്തരീക്ഷം നിലനിർത്തുകയും ചെയ്യുന്നു. എന്നാൽ അവൻ രാജകീയൻ മാത്രമല്ല, ദിവ്യനുമാണ്. ക്രിസ്തു ദിവ്യനായതിനാൽ അവൻ എവിടെയുണ്ടോ അവിടെ മരണമില്ല. അവൻ എവിടെയുണ്ടോ, അവിടെ പുനരുത്ഥാനമുണ്ടായിരിക്കുകയും മരണം വിഴുങ്ങപ്പെടുകയും ചെയ്യുന്നു. ക്രിസ്തു എവിടെയുണ്ടോ, അവിടെ മരണത്തിന്റെ അഭാവമുണ്ട്. ക്രിസ്തുവിന്റെ പൗരോഹിത്യം മരണത്തിന്റെ അഭാവമാണ്. ക്രിസ്തുവിന്റെ പൗരോഹിത്യം മരണത്തിന്റെ അഭാവമാണെന്ന് നിങ്ങൾ എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ? വെളിച്ചം ഇരുട്ടിന്റെ അഭാവമാണ്, കാരണം വെളിച്ചം ഉള്ളിടത്ത് ഇരുട്ട് ഇല്ലാതിരിക്കണം. അതുപോലെ, ക്രിസ്തുവിന്റെ സാന്നിധ്യം അർഥമാക്കുന്നത് മരണത്തിന്റെ അഭാവമാണ്.

ക്രിസ്തുവിന്റെ സാന്നിധ്യം എന്തുകൊണ്ട് മരണത്തിന്റെ അഭാവം അർഥമാക്കുന്നു? കാരണം അവൻ ദിവ്യനാണ്. ദിവ്യത്വം അവന്റെ പൗരോഹിത്യത്തിന്റെ ഘടകാംശമാണ്. അവന്റെ പൗരോഹിത്യം അവന്റെ ദിവ്യത്വംകൊണ്ടു സംരചിക്കപ്പെട്ടത്, രൂപീകരിക്കപ്പെട്ടത് ആണ്. തടി ഒരു മേശയുടെ മൂലകമാണെന്നതുപോലെ, ദിവ്യത്വം ക്രിസ്തു മഹാപുരോഹിതനായിരിക്കുന്നതിന്റെ മൂലകമാണ്. അവന്റെ ശുശ്രൂഷ കടന്നുവരുമ്പോൾ, അത് അർഥമാക്കുന്നത് മരണത്തിന്റെ അഭാവത്തെയാണ്. ഒരു വശത്ത്, ക്രിസ്തുവിന്റെ പൗരോഹിത്യം മരണത്തിന്റെ അഭാവമാണ്; മറുവശത്ത്, അത് ജീവന്റെ സാന്നിധ്യമാണ്. അങ്ങനെ, ക്രിസ്തുവിന്റെ പൗരോഹിത്യം മരണത്തിന്റെ അഭാവവും ജീവന്റെ സാന്നിധ്യവുമാണ്. രാജകീയ മഹാപുരോഹിതനെന്ന നിലയിൽ, ക്രിസ്തു പ്രക്രിയാവിധേയനായ ദൈവത്തെ നമുക്കു ശുശ്രൂഷിക്കുന്നു; ദിവ്യ മഹാപുരോഹിതനെന്ന നിലയിൽ, അവൻ ഉള്ളിടത്ത് ജീവൻ ഉണ്ട്. അവന്റെ പൗരോഹിത്യം ജീവന്റെ സാന്നിധ്യമാണ്.

ക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ രണ്ടു വശങ്ങളായ രാജകീയ വശവും ദിവ്യ വശവും ഈ അധ്യായത്തിൽ നിങ്ങൾ എപ്പോഴെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടോ? ഈ രണ്ടു വശങ്ങളുണ്ടെന്ന് നമുക്കെങ്ങനെ തെളിയിക്കുവാൻ കഴിയുമെന്ന് നിങ്ങൾ ഒരുപക്ഷേ ചിന്തിക്കുന്നുണ്ടാകും. ഇതു ചെയ്യുവാൻ എളുപ്പമാണ്. 7:2-ൽ നമുക്ക് നീതിയുടെ രാജാവും സമാധാനത്തിന്റെ രാജാവും ഉണ്ട്. 7:28-ൽ നമുക്ക് "എന്നേക്കും തികഞ്ഞവനാക്കപ്പെട്ട പുത്രൻ" ഉണ്ട്. ദൈവപുത്രൻ മഹാപുരോഹിതനായിരിക്കുവാൻ നിയമിക്കപ്പെട്ടിരിക്കുന്നു, ദൈവപുത്രൻ തീർച്ചയായും ദിവ്യനാണ്. തന്മൂലം, ഈ അധ്യായത്തിന്റെ ആരംഭത്തിൽ നമുക്ക് രാജാവും അവസാനം നമുക്ക് ദൈവപുത്രനും ഉണ്ട്. ഈ അധ്യായത്തിൽ ഞാൻ വളരെയധികം സമയം ചെലവഴിച്ചുവെങ്കിലും, ഒരു ദിവസം രാജകീയൻ, ദിവ്യൻ എന്നീ രണ്ടു പദങ്ങൾ ലഭിക്കുന്നതുവരെ ഇത് എനിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞിരുന്നില്ല. ആദ്യത്തെ വശം

രാജകീയ വശമാണെന്നും രണ്ടാമത്തെ് വശം ദിവ്യ വശമാണെന്നും ഞാൻ കണ്ടപ്പോൾ, ഈ അധ്യായം മുഴുവൻ വ്യക്തമായിത്തീർന്നു.

മൽക്കീസേദെക്കിന്റെ ക്രമപ്രകാരമുള്ള ഈ അത്ഭുതവാനായ മഹാപുരോഹിതൻ "അവനെ ജഡമയമായ കൽപനയുടെ പ്രമാണത്തിനൊത്തവണ്ണമല്ല, അനശ്വരമായ ജീവന്റെ ശക്തിക്കൊത്തവണ്ണം" സംരചിക്കപ്പെട്ടിരിക്കുന്നു (വാ. 16), കാരണം "ന്യായപ്രമാണം ഒന്നിനും തികവു വരുത്തിയില്ലല്ലോ" (വാ. 19). ന്യായപ്രമാണം ഒന്നിനും തികവു വരുത്താത്തതിനാൽ നാം ന്യയപ്രമാണത്തോടു പറയണം, "ന്യായപ്രമാണമേ, നീ ഒന്നുമല്ല. നീ ഒരിക്കലും ആരെയും പ്രയോജനപ്പെടുത്തിയിട്ടില്ല. ന്യായപ്രമാണമേ, എന്നിൽനിന്നും മാറി നിൽക്കുക." നമ്മുടെ മഹാപുരോഹിതൻ ന്യായപ്രമാണത്താൽ സംരചിക്കപ്പെട്ടവനല്ല, അനശ്വരമായ ജീവന്റെ ശക്തിയാൽ സംരചിക്കപ്പെട്ടവനത്രേ. അവൻ ആരാണ്? അവൻ ദൈവപുത്രനാണ്. നിങ്ങൾക്ക് ന്യായപ്രമാണത്തോട് ഇങ്ങനെയും പറയാം, "പ്രിയ ന്യായപ്രമാണമേ, നിനക്ക് നിന്നെത്തന്നെ ദൈവപുത്രനുമായി താരതമ്യം ചെയ്യുവാൻ കഴിയുമോ? നീ ഒന്നുമല്ലാതിരിക്കെ നീ എന്തോ ആണെന്നു ഞാൻ ചിന്തിച്ചിരുന്നതിനാൽ വർഷങ്ങളായി നിന്നാൽ ഞാൻ വഞ്ചിക്കപ്പെട്ടിരുന്നു. ന്യായപ്രമാണമേ, ഇപ്പോൾ എനിക്ക് ജീവൻ ഉണ്ട്!" ദൈവപുത്രൻ തന്നെയായ കർത്താവിന്റെ ജീവൻ നമുക്ക് ഉണ്ട്.

ദൈവപുത്രൻ അത്ര ലളിതനല്ല, കാരണം അവന് രണ്ടു വശങ്ങളുണ്ട്. ദൈവപുത്രൻ ഏകജാതനായ പുത്രനാണെന്നു മാത്രമേ മിക്ക ക്രിസ്ത്യാനികൾക്കും അറിയാവൂ, എന്നാൽ അവൻ ആദ്യജാതനായ പുത്രനാണെന്നും വേദപുസ്തകം പറയുന്നു. ഏകജാതനായ പുത്രൻ ഒരു വശവും, ആദ്യജാതനായ പുത്രൻ മറ്റൊരു വശവും ആണ്. കഴിഞ്ഞകാല നിത്യത മുതൽ നിലനിന്നിരുന്ന ഏകജാതനായ പുത്രന് ദിവ്യത്വം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആദ്യജാതന്, സങ്കീർത്തനം 2-ഉം, പ്രവൃത്തികൾ 13:33-ഉം അനുസരിച്ച് പുനരുത്ഥാനദിവസം ജനിച്ച പുത്രന്, ദിവ്യത്വവും മനുഷ്യത്വവും ഉണ്ട്. പുനരുത്ഥാന ദിവസത്തിൽ മനുഷ്യനായ യേശു ദൈവപുത്രനായിരിക്കുവാൻ ജനിച്ചു. ഇത് അവൻ ഏകജാതനായ പുത്രനായിരിക്കുന്നതിന്റെ വശത്തോടല്ല, അവൻ ആദ്യജാതനായ പുത്രനായിരിക്കുന്നതിന്റെ വശത്തോടാണ് ബന്ധപ്പെട്ടിരിക്കുന്നത്.

ഇത് വെറുമൊരു ഉപദേശപരമായ കാര്യമാണെന്നു ചിന്തിക്കരുത്. ഇത് മഹാപുരോഹിതനായ ക്രിസ്തുവിന്റെ യോഗ്യതകളോടു ബന്ധപ്പെട്ടിരിക്കുന്നു. ഏകജാതനായ പുത്രൻ അത്ഭുതവാനായിരുന്നെങ്കിലും, അവന് ദിവ്യത്വം മാത്രമേ ഉണ്ടായിരുന്നുള്ളൂ, നമ്മുടെ മഹാപുരോഹിതനായിരിക്കുവാൻ അവന് അനിവാര്യമായിരുന്ന മനുഷ്യത്വം ഉണ്ടായിരുന്നില്ല. ദൈവപുത്രൻ എന്നേക്കുമായി

തികഞ്ഞവനാക്കപ്പെട്ടുവെന്ന് വാക്യം 28 പറയുന്നു, ഇവിടെ ദൈവപുത്രൻ ഏകജാതനായ പുത്രൻ മാത്രമായിരിക്കരുത്, മറിച്ച് ആദ്യജാതനായ പുത്രനും ആയിരിക്കണമെന്ന് ഇതു തെളിയിക്കുന്നു. ദൈവത്തിന്റെ ഏകജാതനായ പുത്രനെ തികഞ്ഞവനാക്കേണ്ട ആവശ്യമില്ല, കാരണം അവൻ നിത്യമായി തികഞ്ഞവനായിരുന്നു. എന്നാൽ, അവൻ ദൈവത്തിന്റെ ആദ്യജാതനായ പുത്രനായിരിക്കുന്നതിന് വളരെയധികം തികവിന്റെ ആവശ്യമുണ്ടായിരുന്നു. അവൻ ജഡാവതാരത്തിൽ മനുഷ്യത്വം ധരിക്കുകയും, മുപ്പത്തിമൂന്നര വർഷം ഭൂമിയിൽ ജീവിക്കുകയും, മനുഷ്യജീവിതത്തിന്റെ എല്ലാ അനുഭവങ്ങളിലൂടെയും കടന്നുപോകുകയും ചെയ്യണമായിരുന്നു. പിന്നീട് അവൻ മരണത്തെ രുചിക്കുകയും, ജയിക്കുകയും, കീഴടക്കുകയും, വിഴുങ്ങുകയും ചെയ്തുകൊണ്ട് മരണത്തിലൂടെ കടന്നുപോകേണ്ടത് ആവശ്യമായിരുന്നു. അതിനുശേഷം, പുനരുത്ഥാനത്തിൽ അവൻ മരണത്തിൽനിന്നു പുറത്തുവരണമായിരുന്നു. അവന്റെ പുനരുത്ഥാനത്തിനുശേഷം, മനുഷ്യത്വത്തോടുകൂടെ ദൈവത്തിന്റെ ആദ്യജാതനായ പുത്രനെന്ന നിലയിൽ, അവൻ പൂർണമായി തികഞ്ഞവനാക്കപ്പെട്ടു. ഇപ്പോൾ അവൻ ദൈവത്തിന്റെ നിത്യനായ ഏകജാതനായ പുത്രൻ മാത്രമല്ല, ദൈവത്തിന്റെ തികഞ്ഞവനാക്കപ്പെട്ട ആദ്യജാതനായ പുത്രനുമാണ്. അതുകൊണ്ട്, ഇപ്പോൾ അവൻ നമ്മുടെ ദിവ്യ മഹാപുരോഹിതനായിരിക്കുവാൻ പൂർണമായി തികഞ്ഞവനാക്കപ്പെട്ടവനും, സജ്ജനാക്കപ്പെട്ടവനും, യോഗ്യത പ്രാപിച്ചവനുമാണ്.

ഇങ്ങനെയുള്ള ഒരു മഹാപുരോഹിതനായിരിക്കുവാൻ എങ്ങനെയാണ് ക്രിസ്തു സംരചിക്കപ്പെട്ടത്? അത് അവന്റെ ദിവ്യത്വം മനുഷ്യത്വത്തിലേക്ക് ജഡാവതാരം ചെയ്യുകയും, ഭൂമിയിൽ ജീവിക്കുകയും, മരണത്തിലേക്കു പോകുകയും, പുനരുത്ഥാനത്തിൽ മരണത്തിൽനിന്നു പുറത്തുവരുകയും ചെയ്ത മാർഗത്താലായിരുന്നു. അവൻ ഇപ്പോൾ ആരാണ്? അവൻ രണ്ടു വശങ്ങളിൽ, ഏകജാതനായ പുത്രന്റെയും ആദ്യജാതനായ പുത്രന്റെയും വശങ്ങളിൽ, ദൈവപുത്രനാണ്. ഇപ്പോൾ അവൻ മാനുഷികനുമാണ്, ദിവ്യനുമാണ്. ജഡാവതാരം, മനുഷ്യജീവിതം, മരണം, പുനരുത്ഥാനം എന്നിവയിലൂടെ കടന്നുപോയശേഷം ദിവ്യ പൗരോഹിത്യത്തിനുവേണ്ടി അവൻ പൂർണമായി സജ്ജമാക്കപ്പെട്ടും യോഗ്യത പ്രാപിച്ചുമിരിക്കുന്നു. ഈ മഹാപുരോഹിതനിൽ ലൗകികതയോ പാപമോ ഇല്ലെന്നു മാത്രമല്ല, മരണവും ലവലേശമില്ല. അവന്റെ ദിവ്യജീവനാൽ മരണം പൂർണമായി വിഴുങ്ങപ്പെട്ടിരിക്കുന്നു.

ക്രിസ്തു എന്നേക്കും ജീവിക്കുന്നു. മഹാപുരോഹിതനായി തുടരുന്നതിൽനിന്നും അവനെ തടയുവാൻ മരണത്തിന് കഴിയുകയില്ല. ലേവീ പുരോഹിതന്മാരെല്ലാം ഒരു നിശ്ചിത പ്രായം വരെ ജീവിക്കുകയും പിന്നീട് മരിക്കുകയും ചെയ്തു.

പുരോഹിതന്മാരായി തുടരുന്നതിൽനിന്നും മരണം അവരെ തടസ്സപ്പെടുത്തി. മഹാപുരോഹിതന്റെ പദവിയിൽ തുടരുന്നതിൽനിന്നും മരണം അവരെ തടഞ്ഞതുകൊണ്ട്, ആദ്യത്തെ മഹാപുരോഹിതൻ മരിച്ചതിനുശേഷം, രണ്ടാമത്തവൻ അവനു പകരമാകുകയും, മൂന്നാമൻ രണ്ടാമനു പകരമാകുകയും ചെയ്തു. ആ പുരോഹിതന്മാർക്ക് മറ്റുള്ളവരെ രക്ഷിക്കുവാൻ കഴിഞ്ഞില്ലെന്നു പറയേണ്ട ആവശ്യംതന്നെയില്ല; അവർക്ക് അവരെപ്പോലും രക്ഷിക്കുവാൻ കഴിഞ്ഞില്ല. അവരെല്ലാം ആശ്രയ്യു വകയില്ലാത്തവരായിരുന്നു. എന്നാൽ ക്രിസ്തുവിന്റെ പൗരോഹിത്യം വ്യത്യസ്തമാണ്. അഹരോന്യ പൗരോഹിത്യം മരണത്തിന് വിധേയമായിരുന്നപ്പോൾ, ജീവമൂലകത്താൽ സംരചിക്കപ്പെട്ട മൽക്കീസേദെക്കിന്റെ ക്രമപ്രകാരമുള്ള പൗരോഹിത്യം മരണത്തിന്റെ അഭാവമാണ്. മരണത്തിലൂടെ കടന്നുപോകുകയും മരണത്തെ വിഴുങ്ങുകയും ചെയ്ത ജീവനാലാണ് അത് സംരചിക്കപ്പെട്ടിരുന്നത്. ഇത് അനശ്വരമായ ജീവനാണ്. ഇത് അനശ്വരമായ ജീവനാണെന്ന് നമുക്കെങ്ങനെ അറിയാം? കാരണം അത് എല്ലാറ്റിനാലും, ഏതുതരം സാഹചര്യത്താലും പരീക്ഷിക്കപ്പെട്ടതായിരുന്നു. അത് കർത്താവിന്റെ ജഡത്തിലുള്ള അമ്മയാലും, അവന്റെ ജഡത്തിലുള്ള കുടുംബത്തിലെ എല്ലാ അംഗങ്ങളാലും, അവന്റെ മനുഷ്യജീവിതത്തിലെ എല്ലാ കഷ്ടതകളാലും, സാത്താനെന്ന പിശാചിന്റെ സകല പ്രലോഭനങ്ങളാലും പരീക്ഷിക്കപ്പെട്ടിരുന്നു. ആത്യന്തികമായി, അത് മരണത്താലും, കല്ലറയാലും, പാതാളത്താലും, ഇരുട്ടിന്റെ ശക്തിയാലും പരീക്ഷിക്കപ്പെട്ടു. ഈ ജീവൻ എല്ലാറ്റിനാലും പരീക്ഷിക്കപ്പെട്ടു, അതിനെ നശിപ്പിക്കുവാൻ യാതൊന്നിനും കഴിയുകയില്ല. അത് തികച്ചും അനശ്വരമാണ്. നമ്മുടെ മഹാപുരോഹിതൻ അങ്ങനെയുള്ള അനശ്വരമായ ഒരു ജീവനാൽ സംരചിക്കപ്പെട്ടവനാണ്.

ക്രിസ്തുവിന്റെ രാജകീയ പൗരോഹിത്യം ശുശ്രൂഷയ്ക്കുവേണ്ടിയും, അവന്റെ ദിവ്യ പൗരോഹിത്യം രക്ഷിക്കുന്നതിനുവേണ്ടിയും ആണ്. വാക്യം 25 പറയുന്നു: "അതിനാൽ അവനിലൂടെ ദൈവത്തിന്റെ അടുക്കൽ മുമ്പോട്ടു കടന്നുവരുന്നവർക്കു വേണ്ടി പക്ഷവാദം ചെയ്യുവാൻ അവൻ എപ്പോഴും ജീവിക്കുന്നതിനാൽ, അവരെ അങ്ങേയറ്റം രക്ഷിക്കുവാൻ പ്രാപ്തനാകുന്നു." അങ്ങേയറ്റം രക്ഷിക്കുവാൻ അവൻ എന്തുകൊണ്ടാണ് പ്രാപ്തനായിരിക്കുന്നത്? അവൻ ജീവനുള്ളവനായതുകൊണ്ടും, അവൻ അനശ്വരമായ ജീവനായതുകൊണ്ടുമാണ്. യാതൊന്നിനും അവനെ നശിപ്പിക്കുവാൻ കഴിയുകയില്ല. നിങ്ങളെയെല്ലാം രക്ഷിക്കുവാനുള്ള ഹൃദയം എനിക്കുണ്ടായിരിക്കാമെങ്കിലും, ഞാൻ എളുപ്പത്തിൽ നശിപ്പിക്കപ്പെടുവാനും അവസാനിപ്പിക്കപ്പെടുവാനും കഴിയും. എന്നാൽ ക്രിസ്തുവിന് നമ്മെ അങ്ങേയറ്റം രക്ഷിക്കുവാൻ

കഴിയും, കാരണം അവന്റെ പൗരോഹിത്യം അനശ്വരമായ ഒരു ജീവനാൽ സംരചിക്കപ്പെട്ടതാണ്. നാം ഏതു സാഹചര്യത്തിലോ അവസ്ഥയിലോ ആയിരുന്നാലും, നമുക്ക് സാത്താനോട് പറയുവാൻ കഴിയും, "സാത്താനേ, നിന്റെ പരമാവധി ചെയ്യുകൊള്ളുക. എനിക്കെതിരെ നിന്റെ സൈന്യങ്ങളെയെല്ലാം അയച്ചുകൊള്ളുക. ഞാൻ അവരെ ഭയപ്പെടുന്നില്ല, കാരണം എന്നെ കരുതുവാൻ ദിവ്യ പൗരോഹിത്യം എനിക്കുണ്ട്!" എന്താണ് ഈ ദിവ്യ പൗരോഹിത്യം? അത് അനശ്വരമായ ജീവന്റെ രക്ഷിക്കുന്ന ശക്തിയാണ്. രാജകീയ മഹാപുരോഹിതന്റെ ശുശ്രൂഷ നമ്മുടെ പാപങ്ങൾക്കുവേണ്ടി ദൈവത്തിന് യാഗങ്ങൾ അർപ്പിക്കുന്നതിനല്ല, മറിച്ച് നമ്മുടെ ആസ്വാദനത്തിനുവേണ്ടി പ്രക്രിയാവിധേയനായ ദൈവത്തെ ശുശ്രൂഷിക്കുന്നതിനാണെങ്കിൽ, ദിവ്യ മഹാപുരോഹിതന്റെ ശുശ്രൂഷ മുഖ്യമായി നമ്മെ രക്ഷിക്കുന്നതിനാണ്.

## A. പൗരോഹിത്യ സ്ഥാനമാറ്റം

### *1. അഹരോന്റെ ക്രമത്തിൽനിന്നും മൽക്കീസേദെക്കിന്റെ ക്രമത്തിലേക്ക്*

പൗരോഹിത്യം സ്ഥാനമാറ്റം ചെയ്യപ്പെട്ടുവെന്ന് വാക്യം 12 നമ്മോടു പറയുന്നു. ഒന്നാമത് അത് അഹരോന്റെ ക്രമത്തിൽനിന്നും മൽക്കീസേദെക്കിന്റെ ക്രമത്തിലേക്ക് മാറ്റിയിരിക്കുന്നു (വാ. 11, 15, 17). പഴയ ഉടമ്പടിയിൽ, പൗരോഹിത്യം അഹരോന്റെ ക്രമപ്രകാരമായിരുന്നു, അത് പലപ്പോഴും മരണത്താൽ തടസ്സപ്പെട്ടിരുന്നു. പുതിയ ഉടമ്പടിയിൽ, പൗരോഹിത്യം മൽക്കീസേദെക്കിന്റെ ക്രമത്തിലേക്ക് മാറ്റിയിരിക്കുന്നു, അത് ശാശ്വതമാണ്.

### *2. പുരോഹിത ലേവീഗോത്രത്തിൽനിന്നും രാജകീയ യെഹൂദാഗോത്രത്തിലേക്ക്*

പൗരോഹിത്യം പുരോഹിത ലേവീഗോത്രത്തിൽനിന്നും രാജകീയ യെഹൂദാഗോത്രത്തിലേക്ക് മാറ്റപ്പെട്ടിരിക്കുന്നു (വാ. 13-14). പഴയനിയമത്തിൽ, ലേവി പുരോഹിതന്മാരുടെ ഗോത്രവും, യെഹൂദാ രാജാക്കന്മാരുടെ ഗോത്രവുമായിരുന്നു. യെഹൂദാഗോത്രത്തിൽനിന്നുള്ള കർത്താവിന്റെ അവരോഹണം പൗരോഹിത്യത്തിൽ ഒരു സ്ഥാനമാറ്റത്തിന് കാരണമാകുകയും, മഹാപുരോഹിതനും രാജാവുമായിരുന്ന മൽക്കീസേദെക്കിൽ വെളിവായതുപോലെ (വാ. 1) പൗരോഹിത്യത്തെ രാജത്വവുമായി ഒരു ഗോത്രത്തിൽ കൂട്ടിയോജിപ്പിക്കുകയും ചെയ്തു (സെഖ. 6:13).

### *3. മനുഷ്യരിൽനിന്നും ദൈവപുത്രനിലേക്ക്*

പൗരോഹിത്യം മനുഷ്യരിൽനിന്നും ദൈവപുത്രനിലേക്ക്

മാറ്റപ്പെട്ടു എന്ന് വാക്യം 28 സൂചിപ്പിക്കുന്നു. പഴയനിയമത്തിൽ പുരോഹിതന്മാരായിരുന്ന എല്ലാവരും ദുർബലരായി മരണത്തിനു വിധേയരായിരുന്നു, എന്നാൽ ദൈവപുത്രൻ നിത്യനായി എന്നേക്കും ജീവിക്കുന്നു. അവൻ പുതിയ ഉടമ്പടിയുടെ പൗരോഹിത്യത്തെ സംരചിക്കുന്ന ജീവൻ എന്ന നിലയിൽ ഏകജാതനായ പുത്രനും ദൈവത്തിന്റെ ആദ്യജാതനായ പുത്രനുമാണ്. പൗരോഹിത്യം മനുഷ്യരിൽനിന്നും ഇങ്ങനെയുള്ള ഒരുവനിലേക്ക്, ഏകജാതനായ പുത്രനും ആദ്യജാതനായ പുത്രനുമായവനിലേക്ക് മാറ്റപ്പെട്ടു. ഇങ്ങനെയുള്ള ഒരുവനിൽ നമുക്ക് ദിവ്യത്വം ജഡാവതാരം ചെയ്യും മനുഷ്യത്വം ഉയർത്തപ്പെട്ടുമിരിക്കുന്നു. ഇങ്ങനെയുള്ള ഒരുവനിൽ നമുക്ക് മനുഷ്യജീവിതവും, സർവവും ഉൾക്കൊള്ളുന്ന മരണവും, പുനരുത്ഥാനവും ഉണ്ട്. ഇങ്ങനെയുള്ള ഒരുവനിൽ നമുക്ക് ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റെ ജനനം, അനേകം ദൈവപുത്രന്മാരെ ഉളവാക്കിയ ജനനം ഉണ്ട്. പുതിയ ഉടമ്പടിയിൽ, പൗരോഹിത്യം ഇങ്ങനെയുള്ള ഒരുവനിലേക്ക് മാറ്റപ്പെട്ടിരിക്കുന്നു.

### *4. ന്യായപ്രമാണത്തിന്റെ സ്ഥാനമാറ്റം ആവശ്യമാകുന്നു*

വാക്യം 12 പറയുന്നു, "പൗരോഹിത്യത്തിന് സ്ഥാനമാറ്റം വന്നതിനാൽ ന്യായപ്രമാണത്തിന്റെ സ്ഥാനമാറ്റവും അവശ്യമായി വരുന്നു." പഴയ ഉടമ്പടിയുടെ പൗരോഹിത്യത്തോടുകൂടെ, ഒരു പഴയ പ്രമാണം ഉണ്ടായിരുന്നു. ഇപ്പോൾ, പുതിയ ഉടമ്പടിയുടെ പൗരോഹിത്യത്തോടുകൂടെ, ഒരു പുതിയ പ്രമാണം ഉണ്ടായിരിക്കണം. അതിനാൽ ന്യായപ്രമാണത്തിന്റെ ഒരു സ്ഥാനമാറ്റം ആവശ്യമാകുന്നു.

#### *a. അക്ഷരങ്ങളുടെ പ്രമാണത്തിൽനിന്നും ജീവന്റെ പ്രമാണത്തിലേക്ക്*

പ്രമാണത്തിന്റെ ഈ സ്ഥാനമാറ്റം അക്ഷരങ്ങളുടെ പ്രമാണത്തിൽനിന്നും ജീവന്റെ പ്രമാണത്തിലേക്കാണ്, അതനുസരിച്ച് ക്രിസ്തു ജീവനുള്ളവനും ശാശ്വതനുമായ ഒരു മഹാപുരോഹിതനായി സംരചിക്കപ്പെട്ടിരിക്കുന്നു (വാ. 16). ക്രിസ്തു മഹാപുരോഹിതനായി സംരചിക്കപ്പെട്ടിരിക്കുന്നത് അക്ഷരങ്ങളുടെ പ്രമാണത്തിനൊത്തവണ്ണമല്ല, പിന്നയോ അനശ്വരമായ ജീവന്റെ ശക്തിക്കൊത്തവണ്ണമത്രേ. പുതിയ ഉടമ്പടിയിൽ ക്രിസ്തുവിന്റെ പൗരോഹിത്യം അക്ഷരങ്ങളുടെ കാര്യമല്ല, ജീവന്റെ കാര്യമാണ്. നമ്മുടെ മഹാപുരോഹിതനെന്ന നിലയിൽ ക്രിസ്തു ഇപ്പോൾ തന്റെ അനശ്വരമായ ജീവനാൽ നമ്മെ കരുതുന്നു. എങ്കിലും, അനേകം ക്രിസ്ത്യാനികൾ ഇപ്പോഴും നദിയുടെ മറുവശത്തുള്ള അക്ഷരങ്ങളുടെ പ്രമാണത്തിലേക്ക് മടങ്ങിപ്പോകുവാൻ ആഗ്രഹിക്കുന്നു.

കർത്താവിന്റെ കരുണയാൽ, നാം അക്ഷരങ്ങളുടെ വശമായ അക്കരയിൽനിന്നും ജീവന്റെ വശമായ ഇക്കരയിലേക്ക് നദി മുറിച്ചുകടന്നിരിക്കുന്നു. ഈ അനശ്വരമായ നിത്യജീവനിലാണ് നാം ഇന്ന് ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കെടുക്കുകയും ആസ്വദിക്കുകയും ചെയ്യുന്നത്.

### *b. ബലഹീനവും പ്രയോജനമില്ലാത്തതുമായ കല്പനയിൽനിന്നും മേന്മയേറിയ പ്രത്യാശയിലേക്ക്*

വാക്യങ്ങൾ 18-19 പറയുന്നു, "ഒരുവശത്ത്, അതിന്റെ ബലഹീനതയും പ്രയോജനമില്ലായ്മയും നിമിത്തം മുമ്പേയുള്ള കൽപനയെ നീക്കിവയ്ക്കുകയും (ന്യായപ്രമാണം ഒന്നിനും തികവു വരുത്തിയില്ലല്ലോ), മറുവശത്ത്, നാം ദൈവത്തിന്റെ അടുക്കൽ കടന്നുവരുവാൻ മുഖാന്തരമായ, മേന്മയേറിയ പ്രത്യാശയെ അതിന്മേൽ കൊണ്ടുവരുകയും ചെയ്യുന്നു." ലേവ്യ പൗരോഹിത്യത്തെ സംബന്ധിച്ച പ്രമാണത്തിന്റെ കല്പന, അഥവാ ചട്ടങ്ങൾ, അക്ഷരങ്ങളിലെ അതിന്റെ ബലഹീനത നിമിത്തം ഇല്ലാതാക്കപ്പെട്ടിരിക്കുന്നു. അത് ജീവനെ സംബന്ധിച്ച കാര്യമല്ലായിരുന്നു, അക്ഷരങ്ങളിലുള്ള ചത്ത കല്പനയായിരുന്നു; അതിനാൽ അത് പ്രയോജനമില്ലാത്തതായിരുന്നു. മനുഷ്യന്റെ ബലഹീനതനിമിത്തം ന്യായപ്രമാണം ഒന്നും തികവുവരുത്തിയില്ല (റോമ. 8:3).

ന്യായപ്രമാണത്തിന്റെ സ്ഥാനമാറ്റം പഴയ പ്രമാണത്തെ റദ്ദാക്കുകയും മേന്മയേറിയ പ്രത്യാശയെ കൊണ്ടുവരുകയും ചെയ്യുന്നു. എന്താണ് ഈ മേന്മയേറിയ പ്രത്യാശ? അത് ജീവനിലുള്ള പൗരോഹിത്യമാണ്. ഈ പ്രത്യാശ മുഖ്യമായും ജീവനെ, അനശ്വരമായ ജീവനെ, ആശ്രയിച്ചിരിക്കുന്നു. നമ്മെ കരുതുന്ന പൗരോഹിത്യം അങ്ങനെയുള്ള ഒരു ജീവനിലായതുകൊണ്ട്, നാം പ്രത്യാശ നിറഞ്ഞവരാണ്. നിങ്ങൾക്ക് ബലഹീനത അനുഭവപ്പെടുകയും ആ അനുഭൂതി ഒരു നുണയാണെന്ന് കരുതുകയും ചെയ്യുമ്പോൾ, അതു സൂചിപ്പിക്കുന്നത് നിങ്ങൾ പ്രത്യാശ നിറഞ്ഞവരാണെന്നാണ്. നിങ്ങൾ ബലഹീനനാണെന്ന് നിങ്ങളുടെ ഭാര്യ പറഞ്ഞാൽ, നിങ്ങൾ പറയേണ്ടത്, "അത് ഒരു നുണയാണ്. പ്രിയ ഭാര്യേ, അൽപസമയം കാത്തിരിക്കുക. ഞാൻ അബ്രാഹാമിനെപ്പോലെ ശക്തനായ ഒരു പോരാളിയായിരിക്കും. എന്റെ മൽക്കീസേദെക്കിന്റെ പൗരോഹിത്യം നിമിത്തം ഞാൻ പ്രത്യാശ നിറഞ്ഞിരിക്കുന്നു." നിങ്ങൾ ഇതു പറയുകയാണെങ്കിൽ, അതിനർഥം നിങ്ങൾ മേന്മയേറിയ പ്രത്യാശയാൽ നിറഞ്ഞിരിക്കുന്നു എന്നാണ്. ഈ മേന്മയേറിയ പ്രത്യാശ ജീവനിലുള്ള പൗരോഹിത്യമാണ്. ജീവൻ ഉള്ളിടത്തോളം അവിടെ പ്രത്യാശയുണ്ട്. മരിച്ച ഒരു വ്യക്തിക്കു മാത്രമേ പ്രത്യാശ

ഇല്ലാതുള്ളൂ. നാം ജീവിച്ചിരിക്കുന്നിടത്തോളം ഒരു നിശ്ചിത അളവിലുള്ള പ്രത്യാശയുണ്ട്. ന്യായപ്രമാണത്തിന്റെ സ്ഥാനമാറ്റം ചത്ത അക്ഷരങ്ങളെ റദ്ദാക്കുകയും ജീവനിലുള്ള പ്രത്യാശയെ കൊണ്ടുവരുകയും ചെയ്യുന്നു. ഒരിക്കലും നിരാശപ്പെടരുത്— നമുക്കൊരു മേന്മയേറിയ പ്രത്യാശയുണ്ട്. നമുക്ക് അനശ്വരമായ ജീവന്റെ പൗരോഹിത്യമുണ്ട്.

നിരവധി തവണ ആളുകൾ എന്നോടു പറഞ്ഞിട്ടുണ്ട്, "സഹോദരൻ ലീ, താങ്കളെ ഒരിക്കലും അസ്വസ്ഥനായി ഞങ്ങൾ കാണുന്നില്ല. താങ്കളുടെ ക്രിസ്തീയ ജീവിതത്തിൽ താങ്കൾക്ക് യാതൊരു പരീക്ഷകളോ വിഷമങ്ങളോ ഇല്ലേ?" മറ്റെല്ലാവരെയുംപോലെ എനിക്കും നിരവധി വിഷമങ്ങളുണ്ട്. എന്റെ വിഷമങ്ങളിൽ ഞാൻ വിശ്വസിക്കുന്നില്ല എന്നതു മാത്രമാണ് വ്യത്യാസം. എന്റെ പ്രത്യാശയിൽ ഞാൻ വിശ്വസിക്കുന്നു. എന്നിൽ മേന്മയേറിയ ഒരു പ്രത്യാശയുണ്ട്. നമുക്കെല്ലാവർക്കും അങ്ങനെയുള്ള ഒരു പ്രത്യാശയുണ്ട്, കാരണം നമ്മെ കരുതുന്ന പൗരോഹിത്യം സംരചിക്കപ്പെട്ടിരിക്കുന്ന പ്രമാണം ബലഹീനവും പ്രയോജനമില്ലാത്തതിൽനിന്നും അനശ്വരമായ ജീവനിലേക്ക് സ്ഥാനമാറ്റം ചെയ്യിരിക്കുന്നു.

## B. ഏകജാതനായ പുത്രനും, ഒപ്പം ദൈവത്തിന്റെ ആദ്യജാതനായ പുത്രനും മഹാപുരോഹിതനായിത്തീരുന്നു

ക്രിസ്തു ഏകജാതനായ പുത്രനും ദൈവത്തിന്റെ ആദ്യജാതനായ പുത്രനും ആയിരിക്കുന്നത് അവൻ മഹാപുരോഹിതനായിരിക്കുവാനുള്ള യോഗ്യതകളാണ് (വാ. 28). ഈ രണ്ട് യോഗ്യതകളോടുകൂടെ അവൻ നമ്മുടെ മഹാപുരോഹിതനായിത്തീർന്നു. ക്രിസ്തു നമ്മുടെ മഹാപുരോഹിതനായിത്തീരുന്നത് അവൻ ഏകജാതനായ പുത്രനും ദൈവത്തിന്റെ ആദ്യജാതനായ പുത്രനും ആയിരിക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു.

### *1. അനശ്വരമായ ജീവന്റെ ശക്തിക്കൊത്തവണ്ണം സംരചിക്കപ്പെട്ടത്*

ന്യായപ്രമാണത്തിന്റെ ശക്തിയില്ലാത്ത അക്ഷരങ്ങൾക്കനുസരിച്ചല്ല ക്രിസ്തു മഹാപുരോഹിതനായി സംരചിക്കപ്പെട്ടിരിക്കുന്നത്, അനശ്വരമായ ജീവന്റെ ശക്തിയുള്ള മൂലകമനുസരിച്ചാണ് (വാ. 15). ഒന്നിനും ഈ ജീവനെ അലിയിച്ചുകളയുവാൻ കഴിയുകയില്ല. അത് മരണത്തിന്റെയും പാതാളത്തിന്റെയും പരീക്ഷകളിലൂടെ കടന്നുപോയ നിത്യവും, ദിവ്യവും, സൃഷ്ടിക്കപ്പെടാത്തതും, പുനരുത്ഥാനവുമായ ജീവൻ എന്ന നിലയിൽ അനന്തമായ ജീവനാണ് (പ്രവൃ. 2:24; വെളി 1:18). അങ്ങനെയുള്ള ഒരു ജീവനാലാണ് നമ്മുടെ മഹാപുരോഹിതനായി ക്രിസ്തു ഇന്നു

ശുശ്രൂഷിക്കുന്നത്. അതിനാൽ, അങ്ങേയറ്റത്തോളം രക്ഷിക്കുവാൻ അവൻ പ്രാപ്തനാകുന്നു (വാ. 25). നമ്മുടെ മഹാപുരോഹിതനായ ക്രിസ്തു ദൈവത്തിന്റെ തന്നെ ജീവനുള്ള പുത്രനാണ്. അവൻ ശക്തനാണ്. ഒരു വശത്ത്, അവൻ സ്വർഗത്തിലാണ്; മറുവശത്ത്, അവൻ നമ്മുടെ ആത്മാവിലാണ്. സ്വർഗവും നമ്മുടെ ആത്മാവും എന്ന ഈ രണ്ട് അറ്റങ്ങൾക്കിടയിൽ സ്വർഗീയ ഗോവണിയിൽ പോക്കുവരവുണ്ട്, കാരണം അവന്റെ പൗരോഹിത്യം സിംഹാസനത്തിൽ നിന്നും നമ്മുടെ ആത്മാവിലേക്ക് നിരന്തരം ഒഴുകിക്കൊണ്ടിരിക്കുന്നു. അത് അറിവോടുകൂടെയല്ല, മറിച്ച് അനശ്വരമായ ജീവന്റെ ശക്തിയോടുകൂടെയാണ് ഒഴുകുന്നത്.

## *2. ദൈവം ചെയ്ത ശപഥത്തോടുകൂടെ*

ഏകജാതനായ പുത്രനും ദൈവത്തിന്റെ ആദ്യജാതനായ പുത്രനുമായ ക്രിസ്തു ദൈവം ചെയ്ത ശപഥത്തോടുകൂടെ മഹാപുരോഹിതനായിത്തീർന്നു (വാ. 20-21, 28). ലേവ്യ പുരോഹിതന്മാരിൽ ഒരാൾ പോലും ദൈവത്തിന്റെ ശപഥത്താൽ സ്ഥാപിക്കപ്പെട്ടിരുന്നില്ല. സങ്കീർത്തനം 110 അനുസരിച്ച്, ദൈവം ക്രിസ്തുവിനെ മൽക്കീസേദെക്കിന്റെ ക്രമപ്രകാരം എന്നേക്കും പുരോഹിതനാക്കുമെന്ന് ആണയിട്ടു. എബ്രായർ 7-ൽ എഴുത്തുകാരൻ സങ്കീർത്തനം 110-ൽ നിന്നുള്ള ആ ശപഥത്തെ ഉദ്ധരിക്കുന്നു. ക്രിസ്തു ദിവ്യ മഹാപുരോഹിതനായിത്തീർന്നത് ദൈവത്തിന്റെ ശപഥത്താൽ പൂർത്തിയാക്കപ്പെട്ടു എന്നു തെളിയിക്കുന്ന ഈ കാര്യം വളരെ ഘനമേറിയതാണ്.

Mon

## *3. എന്നേക്കും തികഞ്ഞവനാക്കപ്പെട്ടു*

ക്രിസ്തു എന്നേക്കും തികഞ്ഞവനാക്കപ്പെട്ടിരിക്കുന്നുവെന്ന് വാക്യം 28-ൽ നാം കാണുന്നു. ദൈവത്തിന്റെ ഏകജാതനായ പുത്രനെന്ന നിലയിൽ ക്രിസ്തുവിന് തികവിന്റെ ആവശ്യമില്ലായിരുന്നുവെന്ന് ഞങ്ങൾ നേരത്തേ പരാമർശിച്ചിരുന്നു. എന്നിരുന്നാലും, ദൈവത്തിന്റെ ആദ്യജാതനായ പുത്രനായിരിക്കുവാൻ അവന് തികവിന്റെ ആവശ്യമുണ്ടായിരുന്നു. അവന്റെ പുനരുത്ഥാനത്തിനുശേഷം, അവൻ എന്നേക്കും തികഞ്ഞവനാക്കപ്പെട്ടു. നിത്യതയോളം നമ്മുടെ മഹാപുരോഹിതനായിരിക്കുവാൻ അവൻ ഇപ്പോൾ പൂർത്തീകരിക്കപ്പെട്ടും സജ്ജനാക്കപ്പെട്ടും യോഗ്യനാക്കപ്പെട്ടുമിരിക്കുന്നു. അവൻ ഇത്രത്തോളം തികഞ്ഞവനാക്കപ്പെട്ടതുകൊണ്ട്, പൂർണ നിശ്ചയത്തോടെ നമുക്ക് അവനിൽ ആശ്രയിക്കാം.

## *4. മേന്മയേറിയ ഉടമ്പടിയുടെ ഈടായിത്തീരുന്നു*

വാക്യം 22 പറയുന്നു, "അത്രയും അധികം യേശു മേന്മയേറിയ

ഉടമ്പടിയുടെ ഈടായിത്തീർന്നിരിക്കുന്നു." ക്രിസ്തു ഒരു മേന്മയേറിയ ഉടമ്പടിയുടെ ഈടായായിത്തീർന്നിരിക്കുന്നു എന്നത് അവൻ ജീവനുള്ളവനും ശാശ്വതവാനുമായ മഹാപുരോഹിതനാകുന്നു എന്ന വസ്തുതയെ അടിസ്ഥാനമാക്കിയാണ്. ഈട് എന്നു വിവർത്തനം ചെയ്തിരിക്കുന്ന യവനപദത്തിന്റെ മൂലപദം അർഥമാക്കുന്നത് ഒരു അവയവം, ശരീരത്തിലെ ഒരു അംഗം എന്നാണ്. ശരീരത്തിന്റെ ഒരു അംഗം ശരീരത്തിന് അതിനെത്തന്നെ അച്ചാരമായി നൽകുന്നു എന്നാണ് ഇവിടത്തെ അർഥം. ഉദാഹരണത്തിന്, എന്റെ ഭുജം സകലതും ചെയ്യുവാൻ എന്റെ കൈ അതിനെത്തന്നെ എന്റെ ഭുജത്തിന് അച്ചാരമായി നൽകുന്നു. ഈ അച്ചാരം ഒരു ഉറപ്പാണ്. ഈ വാക്യത്തിലെ ഈട് എന്ന വാക്കിന്റെ അർഥം ക്രിസ്തു അവനെത്തന്നെ പുതിയ ഉടമ്പടിക്കും നമുക്കെല്ലാവർക്കും അച്ചാരമായി നൽകിയിരിക്കുന്നു എന്നാണ്. പുതിയ ഉടമ്പടി നിറവേറ്റുന്നതിന് അനിവാര്യമായ സകലതും അവൻ ചെയ്യും എന്നതിന് അവൻ ഉടമ്പടിക്കാരൻ, ഉറപ്പ് ആണ്.

കൈ ഭുജത്തിന് അതിനെത്തന്നെ അച്ചാരമായി നൽകിക്കഴിഞ്ഞാൽ, അത് ഭുജത്തിനുവേണ്ടി സകലതും ചെയ്യും എന്ന് ഉറപ്പിക്കുന്ന ഈടായിത്തീരുന്നു. ഭുജത്തിനുവേണ്ടി കാര്യങ്ങൾ ചെയ്യുവാൻ കൈ ആഗ്രഹിക്കുന്നില്ലെങ്കിൽപോലും, അത് ഭുജത്തിന് അതിനെത്തന്നെ അച്ചാരമായി നൽകിക്കഴിഞ്ഞതുകൊണ്ട് അതു ചെയ്യുകതന്നെ വേണം. ക്രിസ്തു തീർച്ചയായും നമുക്കുവേണ്ടി കാര്യങ്ങൾ ചെയ്യുവാൻ ഒരിക്കലും മനസ്സുള്ളവനാകാതിരിക്കുകയില്ല. എന്നാൽ അവൻ മനസ്സില്ലാത്തവനായിരുന്നാൽപോലും, അവൻ നിരസിക്കുവാൻ വൈകിപ്പോയി, കാരണം പുതിയ ഉടമ്പടിക്കും പുതിയ ഉടമ്പടിയിൻകീഴിലുള്ള നമുക്കെല്ലാവർക്കും അവനെത്തന്നെ അവൻ അച്ചാരമായി നൽകിയിരിക്കുന്നു. അവൻ നമുക്കുവേണ്ടി സകലതും ചെയ്തേ മതിയാകൂ.

ഈ ചിന്ത ആഴമുള്ളതും തികച്ചും ജീവനെ സംബന്ധിക്കുന്നതുമാണ്. നിങ്ങളുടെ ഭൗതിക ജീവൻ അതിനെത്തന്നെ നിങ്ങൾക്ക് അച്ചാരം ചെയ്തിരിക്കുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കുന്നില്ലേ? നിങ്ങൾക്കുവേണ്ടി കാര്യങ്ങൾ ചെയ്യുവാൻ നിങ്ങളുടെ ഭൗതിക ജീവൻ ആഗ്രഹിച്ചാലും ഇല്ലെങ്കിലും, അതിന് അവയെ ചെയ്തേ മതിയാകൂ, കാരണം അവ ചെയ്യുന്നതിന് അത് അതിനെത്തന്നെ അച്ചാരം ചെയ്തിരിക്കുകയാണ്. അതിനാൽ നിങ്ങളുടെ ഭൗതിക ജീവൻതന്നെയാണ് നിങ്ങൾക്കുവേണ്ടി സകലതും ചെയ്യുമെന്നതിന്റെ ഈട്. ഇങ്ങനെ ചെയ്യുവാൻ അത് ഒരു കരാർ ഉണ്ടാക്കിയിരിക്കുന്നു.

ഇതേ രീതിയിൽ, ക്രിസ്തു ഒരു കരാർ ഒപ്പിട്ടിരിക്കുന്നു. ഏതു രീതിയിലാണ് അത് ഒപ്പിട്ടത്? ക്രിസ്തു പുതിയ ഉടമ്പടിക്കും നമുക്കും അവനെത്തന്നെ അച്ചാരം ചെയ്ത രീതിയിൽ. തന്റെ മനസ്സു മാറ്റുവാൻ അവന് യാതൊരു സാധ്യതയുമില്ല. അതിനു വൈകിപ്പോയിരിക്കുന്നു. ഇതു നാം മനസിലാക്കിയാലും ഇല്ലെങ്കിലും, ഇതു ചെയ്യുവാൻ അവനു മനസ്സുണ്ടെങ്കിലും ഇല്ലെങ്കിലും, അവനെത്തന്നെ അവൻ അച്ചാരം ചെയ്തിരിക്കുന്നതുകൊണ്ട് അവൻ അതു ചെയ്തേ മതിയാകൂ. അങ്ങനെ, അവൻ പുതിയ ഉടമ്പടിയുടെ ഈടാണ്. ഈ അച്ചാരം പൂർണമായും അവന്റെ ദിവ്യ പൗരോഹിത്യത്തെ ആശ്രയിച്ചിരിക്കുന്നു.

എന്റെ കൈ എന്റെ ഭുജത്തിന് അതിനെത്തന്നെ അച്ചാരം ചെയ്തിരിക്കുന്നെങ്കിലും, എന്റെ കൈ അതിന്റെ പ്രാപ്തിയിൽ പരിമിതപ്പെട്ടിരിക്കുന്നു. അതിന് ഒരു പുസ്തകം വഹിക്കുവാൻ കഴിഞ്ഞേക്കാം, എന്നാൽ ഭാരമുള്ള ഒരു മേശയെ വഹിക്കുവാൻ കഴിയുകയില്ല. എന്നാൽ ക്രിസ്തുവിന് യാതൊരു പരിമിതിയുമില്ല. അവന്റെ അച്ചാരം പരിധിയില്ലാത്തതാണ്. അവനെത്തന്നെ നമുക്കു അച്ചാരം ചെയ്ത ക്രിസ്തു പരിമിതി ഇല്ലാത്തവനാണ്. അവൻ സകലതും ചെയ്യുകയും, അവനു നമുക്കുവേണ്ടി സകലതും ചെയ്യുവാൻ കഴിയുകയും ചെയ്യുന്നു. അവൻ യോഗ്യനും കഴിവുള്ളവനും പ്രാപ്തനായ ഈടുമാണ്. അവൻ എപ്പോഴും ലഭ്യനും, അവൻ ഉറപ്പുനൽകിയതെല്ലാം നിറവേറ്റുന്ന പ്രബലനുമാണ്.

നിങ്ങളുടെ ഒരു സുഹൃത്ത് തന്റെ ബാങ്കിൽ ഒരു ജാമ്യത്തിൽ ഒപ്പിടുവാൻ നിങ്ങളോട് ആവശ്യപ്പെട്ടുവെന്നു സങ്കല്പിക്കുക. നിങ്ങൾക്ക് അല്പം ഡോളർ മാത്രമേയുള്ളൂവെന്ന് ബാങ്ക് മാനേജർ അറിഞ്ഞുവെങ്കിൽ, ആ ജാമ്യം നിറവേറ്റുവാൻ വിശ്വസ്തനായിരിക്കുമെന്ന് നിങ്ങൾ വാഗ്ദാനം ചെയ്താൽപോലും, ആ ജാമ്യത്തിൽ ഒപ്പിടുവാൻ അവൻ നിങ്ങളെ അനുവദിക്കുകയില്ല. എന്നാൽ ക്രിസ്തു കോടിക്കണക്കിന് സമ്പത്തുള്ളവനാണ്. അവൻ അവനെത്തന്നെ അച്ചാരം ചെയ്തപ്പോൾ അതിൽ എല്ലാം ഉൾപ്പെട്ടിരുന്നു. അതുകൊണ്ട്, പുതിയ ഉടമ്പടിയുടെ ഈട് ക്രിസ്തു ആയതുകൊണ്ട്, ജീവന്റെ പ്രമാണത്തിന്മേൽ സ്ഥാപിക്കപ്പെട്ട ഈ ഉടമ്പടിക്ക് ഒരിക്കലും പരാജയപ്പെടുവാൻ കഴിയുകയില്ല. അതിൽ ഉൾപ്പെടുത്തിയിരിക്കുന്ന സകലതും നിറവേറ്റപ്പെടും. അത് നമ്മളാലല്ല, നമ്മുടെ ഈടിനാലാണ് നിറവേറുന്നത്. ക്രിസ്തു പുതിയ ഉടമ്പടി പൂർത്തീകരിക്കുന്നവൻ മാത്രമല്ല; അതിലുള്ള സകലതും നിറവേറ്റപ്പെടും എന്നതിന്റെ ഈടും, അച്ചാരവുമാണ്.

## II. ജീവിക്കുന്നവൻ

ക്രിസ്തു ജീവിക്കുന്നവനായതുകൊണ്ട് അവൻ പ്രാപ്തനാണ് (വാ. 25). അവൻ ജീവിക്കുന്നതുകൊണ്ട് അവൻ ലഭ്യനും

പ്രബലനുമാണ്. അവനു സകലതും ചെയ്യുവാൻ കഴിയുമെന്നത് അവൻ ജീവിക്കുന്നു എന്ന ഈ ഒരു കാര്യത്തെ ആശ്രയിച്ചിരിക്കുന്നു.

## A. മരണത്തിന്റെ തടസ്സപ്പെടുത്തലില്ലാതെ എന്നേക്കും തുടർന്നുകൊണ്ടിരിക്കുന്നു

അവൻ ജീവിക്കുന്നതുകൊണ്ട്, മരണത്താൽ തടസ്സപ്പെടാതെ ക്രിസ്തുവിന് തന്റെ പൗരോഹിത്യം എന്നേക്കും തുടർന്നുകൊണ്ടുപോകുവാൻ കഴിയും (വാ. 23-24). പഴയനിയമകാലത്ത്, തങ്ങളുടെ പൗരോഹിത്യം തുടരുന്നതിൽനിന്നും മരണം സകല പുരോഹിതന്മാരെയും തടഞ്ഞിരുന്നു, എന്നാൽ തന്റെ പൗരോഹിത്യം തുടരുന്നതിൽനിന്നും എന്നേക്കും ജീവിക്കുന്ന ക്രിസ്തുവിനെ തടുക്കുവാൻ മരണത്തിനു കഴിയുകയില്ല.

## B. അഭേദ്യൻ

ക്രിസ്തുവിന്റെ പൗരോഹിത്യം അഭേദ്യമാണ്; അതിനെ മാറ്റുവാൻ കഴിയുകയില്ല. അവൻ ആയിരിക്കുന്നത്, ഒരിക്കലായും എന്നേക്കും ആണ്. അവൻ "ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ" (13:8) ആകുന്നു, അങ്ങനെതന്നെ അവന്റെ പൗരോഹിത്യവും.

# III. രക്ഷിക്കുവാൻ പ്രാപ്തൻ

## A. അങ്ങേയറ്റം

അങ്ങേയറ്റം രക്ഷിക്കുവാൻ ക്രിസ്തു പ്രാപ്തനാണെന്ന് വാക്യം 25 നമ്മോടു പറയുന്നു. അങ്ങേയറ്റം എന്നു വിവർത്തനം ചെയ്തിരിക്കുന്ന പദം അർഥമാക്കുന്നത് പൂർണമായി, മുഴുവനായി, തികവോടെ, എല്ലാ സമയത്തേക്കും നിത്യതയോളവും, അന്ത്യത്തോളവും എന്നെല്ലാമാണ്. യാതൊരു മാറ്റവുമില്ലാതെ അവൻ എന്നേക്കും ജീവിക്കുന്നതുകൊണ്ട്, വ്യാപ്തിയിലും, സമയത്തിലും, സ്ഥലത്തും നമ്മെ രക്ഷിക്കുവാൻ ക്രിസ്തു പ്രാപ്തനാണ്. വ്യാപ്തിയിലും, സമയത്തിലും, സ്ഥലത്തും അവൻ നമ്മെ രക്ഷിക്കുന്നത് അങ്ങേയറ്റം എത്തിച്ചേരുന്നു.

## B. നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നതിലൂടെ

ക്രിസ്തു നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നതുകൊണ്ട് നമ്മെ രക്ഷിക്കുവാൻ പ്രാപ്തനാണ്. നമ്മുടെ മഹാപുരോഹിതനെന്ന നിലയിൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നതിലൂടെ നമ്മുടെ കാര്യം അവൻ ഏറ്റെടുക്കുന്നു. നാം രക്ഷിക്കപ്പെടേണ്ടതിനും ദൈവത്തിന്റെ നിത്യോദ്ദേശ്യത്തിലേക്ക് പൂർണമായി കൊണ്ടുവരപ്പെടേണ്ടതിനും നമുക്കുവേണ്ടി പ്രാർഥിച്ചുകൊണ്ട് അവൻ

നമുക്കായി ദൈവമുമ്പാകെ പ്രത്യക്ഷപ്പെടുന്നു. അവൻ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നുവെന്ന് നിങ്ങൾ ഒരിക്കലും മനസ്സിലാക്കിയിരുന്നില്ലെന്ന് പറഞ്ഞേക്കാം. ഇതു നിങ്ങൾ മനസ്സിലാക്കേണ്ട യാതൊരു ആവശ്യവുമില്ല. ഇതു നിങ്ങൾ മനസ്സിലാക്കിയിരുന്നെങ്കിൽ അത് എന്തു ഗുണം ചെയ്യുമായിരുന്നു? അവന്റെ പക്ഷവാദത്തെ മനസ്സിലാക്കുവാൻ ശ്രമിക്കരുത്. അതിൽ വിശ്രമിക്കുകയും, അതിൽ ആശ്രയിക്കുകയും, അതിനെ ആസ്വദിക്കുകയും മാത്രം ചെയ്യുക. നിങ്ങളുടെ ദിവ്യ മഹാപുരോഹിതൻ നിങ്ങൾക്കുവേണ്ടി തുടർച്ചയായി പക്ഷവാദം ചെയ്തുകൊണ്ടിരിക്കുന്നുവെന്ന് ഉറപ്പുള്ളവരായിരിക്കുക. നിരവധി സമയങ്ങളിൽ അവന്റെ പക്ഷവാദത്താൽ ഞാൻ രക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് എന്റെ അനുഭവം എന്നോടു പറയുന്നു. നമുക്ക് ശാശ്വതനും സുസ്ഥിരനും നിത്യനുമായ ഒരു മധ്യസ്ഥനുണ്ട്.

നാം വീണുപോകുവാൻ എളുപ്പമുള്ളവരാണെന്നും, ഒരിക്കൽ വീണുപോയാൽ നമ്മുടെ വീണുപോയ സ്ഥിതിയിൽത്തന്നെ തുടരുന്നവരാണെന്നും അറിഞ്ഞുകൊണ്ട് നമ്മുടെ ദിവ്യ മഹാപുരോഹിതൻ നമുക്കുവേണ്ടി നിരന്തരം പക്ഷവാദം ചെയ്യുന്നു. ഇന്നല്ലെങ്കിൽ നാളെ അവന്റെ പക്ഷവാദം നമ്മെ ജയിക്കുകയും കീഴടക്കുകയും രക്ഷിക്കുകയും ചെയ്യും. ഇന്നോ നാളെയോ ഇതു സംഭവിക്കുന്നില്ലെങ്കിൽ, ഇത് അടുത്ത വർഷമോ അടുത്ത യുഗത്തിലോ, ഏറിയാൽ പുതിയ ആകാശത്തിലും പുതിയ ഭൂമിയിലുമോ സംഭവിക്കും. അവന്റെ പക്ഷവാദത്താൽ നാമെല്ലാവരും പൂർണമായി കീഴടക്കപ്പെടുകയും രക്ഷിക്കപ്പെടുകയും ചെയ്യും. നമ്മെ കരുതുവാനായി ദൈവം അവനെ നിയമിച്ചിരിക്കുന്നു, ഇപ്പോൾ അവൻ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നതിലൂടെ നമ്മെ കരുതുന്നു. നിങ്ങൾ അവന്റെ നാമത്തെ വിളിച്ചപേക്ഷിച്ചത് നിങ്ങൾ മറന്നുപോയാലും, അവൻ ഒരിക്കലും മറക്കുകയില്ല. അവൻ നിങ്ങൾക്കുവേണ്ടി പക്ഷവാദം ചെയ്തുകൊണ്ടിരിക്കുന്നു, അവൻ നിങ്ങളെ അങ്ങേയറ്റം രക്ഷിക്കും.

## C. നമുക്ക് അനുയോജ്യൻ

### *1. വിശുദ്ധൻ, നിഷ്കളങ്കൻ, മലിനപ്പെടാത്തവൻ, പാപികളിൽ നിന്നു വേർപെട്ടവൻ*

"ഇങ്ങനെയുള്ള ഒരു മഹാപുരോഹിതൻ നമുക്ക് അനുയോജ്യനായിരുന്നു, വിശുദ്ധൻ, നിഷ്കളങ്കൻ, മലിനപ്പെടാത്തവൻ, പാപികളിൽനിന്നു വേർപെട്ടവൻ" എന്ന് വാക്യം 26 പറയുന്നു. ക്രിസ്തു വിശുദ്ധനും, നിഷ്കളങ്കനും, മലിനപ്പെടാത്തവനും, പാപികളിൽനിന്നു വേർപെട്ടവനും ആകുന്നു. ഇങ്ങനെയുള്ള തികഞ്ഞവനെന്ന നിലയിൽ, അവൻ തീർച്ചയായും

നമുക്കു അനുയോജ്യനാണ്. വീണുപോയതും ദുഷിച്ചതുമായ സ്വഭാവമുള്ള നമുക്ക്, എപ്പോഴും നമ്മെ രക്ഷിക്കുവാൻ അങ്ങനെയുള്ള ഒരു മഹാപുരോഹിതൻ ആവശ്യമാണ്.

### *2. സ്വർഗങ്ങളെക്കാൾ ഉന്നതൻ*

"അവൻ സ്വർഗങ്ങളെക്കാൾ ഉന്നതനായിത്തീർന്നവൻ" എന്നും വാക്യം 26 പറയുന്നു. അവന്റെ ആരോഹണത്തിൽ ക്രിസ്തു "സ്വർഗത്തിലൂടെ കടന്നുപോയി" (4:14). ഇപ്പോൾ അവൻ സ്വർഗത്തിൽ മാത്രമല്ല (9:24) "സ്വർഗങ്ങളെക്കാൾ ഉയരത്തിൽ," "സ്വർഗാധിസ്വർഗത്തിനും അത്യന്തംമീതെ" ആണ് (എഫെ. 4:10). നിങ്ങളുടെ വിഷമങ്ങൾ എത്ര ഉയർന്നതാണ്? സ്വർഗങ്ങളെക്കാൾ ഉയർന്ന എന്തെങ്കിലും നിങ്ങൾക്കുണ്ടോ? നമ്മുടെ മഹാപുരോഹിതൻ സ്വർഗങ്ങളെക്കാൾ ഉന്നതനായതുകൊണ്ട്, നമ്മെ രക്ഷപ്പെടുത്തുവാനും അങ്ങേയറ്റം രക്ഷിക്കുവാനും അവൻ പ്രാപ്തനാണ്.

### *3. നമ്മുടെ പാപങ്ങൾക്കുവേണ്ടി ഒരിക്കലായി തന്നെത്താൻ അർപ്പിച്ചു*

നമ്മുടെ മഹാപുരോഹിതൻ മറ്റു "മഹാപുരോഹിതന്മാർക്ക് ആവശ്യമുള്ളതുപോലെ ആദ്യം സ്വന്തം പാപങ്ങൾക്കും പിന്നീട് ജനത്തിന്റെ പാപങ്ങൾക്കും ദിനന്തോറും യാഗം അർപ്പിക്കേണ്ട ആവശ്യമില്ല; ഇത് അവൻ തന്നെത്താൻ അർപ്പിച്ചപ്പോൾ ഒരിക്കലായി ചെയ്തുവല്ലോ." എന്ന് വാക്യം 27 പറയുന്നു. ക്രിസ്തു ഇന്ന് ചെയ്തുകൊണ്ടിരിക്കുന്നതിനെക്കുറിച്ചല്ല ഇതു പരാമർശിക്കുന്നത്, അവൻ മുൻകാലങ്ങളിൽ ചെയ്തതിനെയാണ്. നാം ഇനി ഒരിക്കലും പാപത്താൽ വിഷമിക്കേണ്ടതില്ലെന്ന് ഈ വാക്യം നമുക്ക് ഉറപ്പുനൽകുന്നു, കാരണം ക്രിസ്തു പാപങ്ങൾക്കുവേണ്ടി എന്നേക്കുമായി അവനെത്തന്നെ അർപ്പിച്ചിരിക്കുന്നു. ക്രൂശിൽ അവൻ പാപമെന്ന പ്രശ്നത്തിന് ഒരിക്കലായി പരിഹാരം വരുത്തി. ഇപ്പോൾ, സിംഹാസനത്തിൽ അവൻ തന്റെ പൗരോഹിത്യം എന്നേക്കുമായി നിർവഹിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെയുള്ള രാജകീയനും ദിവ്യനുമായ ഒരു മഹാപുരോഹിതൻ നമുക്കുള്ളത് എത്ര ആശ്ചര്യകരമാണ്!